ഉത്തരം

(എ) സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ പുരോഗമിച്ചുവരുന്നു. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുമ്പോൾ ജീവനക്കാരുടെ കുറവുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്.

(ബി) പാനൂർ ഓഫീസിൽ അനുവദിച്ചിട്ടുള്ള 3 ക്ലാർക്കുമാരുടെ തസ്തികകളിലും ജീവനക്കാർ ഉണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടി

129 [2739] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി പുതുതായി എന്തെല്ലാം പദ്ധതികളാണ് ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസുകൾ വഴി നടപ്പിലാക്കിവരുന്നത്;

(ബി) പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) യു. ഡി. എഫ്. ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടി ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

(i) തൊഴിലുറപ്പ് പദ്ധതി (ഇ. എ. എസ്.), ജവഹർ ഗ്രാമ സമൃദ്ധി യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ആരംഭിച്ച സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജനയുടെ ഒരു വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾ വഴിയാണ് നടപ്പിലാക്കിവരുന്നത്.

(ii) സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട് അനുസരിച്ച് കേന്ദ്ര സർക്കാർ അനുവദിച്ച താഴെപ്പറയുന്ന സ്പെഷ്യൽ പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു:

1. മൈക്രോ എൻറർപ്രൈസസ് ഡവലപ്പ്മെൻറ് വിത്ത് ഇന്നോവേറ്റീവ് കമ്മ്യൂണിറ്റി ആൻറ് മാർക്കറ്റിംഗ് ലിങ്കേജ് (മെഡിക്കോം)—ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്കുകൾ—ആലപ്പുഴ ജില്ല.

2. സസ്റ്റെയിനബിൾ ബിസിനസ് ഡവലപ്പ്മെൻറ് ഓഫ് ഇന്നവേറ്റീവ് കോക്കനട്ട് ബേസ്ഡ് മൈക്രോ എൻറർപ്രൈസസ് ഫോർ ഹോളിസ്റ്റിക് ഗ്രോത്ത് ആൻറ് പോവർട്ടി അലിവിയേഷൻ (സുരക്ഷ)—പേരാമ്പ്ര ബ്ലോക്ക്—കോഴിക്കോട് ജില്ല.

3. മൈക്രോ എൻറർപ്രൈസസ് ഡവലപ്പ്മെൻറ് ഫോർ സാനിട്ടേഷൻ ആൻറ് എംപ്ലോയ്മെൻറ് ജനറേഷൻ—മലപ്പുറം ജില്ല.

(iii) വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാമിലെ ചില പ്രവൃത്തികൾ.

LIBRARY ARCHIVES Kerala Legislative Assembly